# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2499** | **9/12/2014 ൽ മറുപടിയ്ക്ക്**

## പരമ്പരാഗത ഖാദി ഗ്രാമ വ്യവസായങ്ങളുടെ നവീകരണം

| ചോദ്യം<br>ശ്രീ. ചിറയം ഗോപകുമാർ | ഉത്തരം<br>ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(ബഹു.സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|
| (എ) പരമ്പരാഗത ഖാദി ഗ്രാമ വ്യവസായങ്ങളുടെ നവീകരണത്തിനും മറ്റുമായി പി.ഗോപിനാഥൻ നായർ കമ്മിറ്റിയുടെ ശുപാർശ പ്രകാരം എത്ര തുക നാളിതുവരെ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; | (എ) 1521 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നുള്ള വിവരം ഇനം തിരിച്ച് അറിയിക്കുമോ ; | (ബി) പ്രസ്തുത തുക താഴെപ്പറയുന്ന ഇനത്തിൽ ചെലവഴിച്ച് വരുന്നു.<br>1.ചർക്കകൾ വാങ്ങുന്നതിന് - 117 ലക്ഷം<br>2.തറികൾ വാങ്ങുന്നതിന് - 260 ലക്ഷം<br>3.പരിശീലനം - 78 ലക്ഷം<br>4.റെഡിമെയ്ഡ് പാവ് യൂണിറ്റ് - 160 ലക്ഷം<br>5.പുതിയ വർക്ക് ഷെഡ് നിർമ്മാണം-225 ലക്ഷം<br>6 നിലവിലെ വർക്ക് ഷെഡ് റിപ്പയർ-180 ലക്ഷം<br>7.പ്രവർത്തന മൂലധനം - 376 ലക്ഷം<br>1396 ലക്ഷം രൂപ<br>8,ഡൈ ഹൌസുകൾ സ്ഥാപിക്കുന്നതിന് (2 എണ്ണം) 50 ലക്ഷം രൂപ<br>9. കോട്ടൺ ഗോഡൌൺ സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപ<br>10. സിൽക്ക് യൂണിറ്റ് ആരംഭിക്കുന്നതിന് 25 ലക്ഷം രൂപ<br>ആകെ - 1521 ലക്ഷം രൂപ |

| | |
|---|---|
| (സി) പരമ്പരാഗത ഖാദി വ്യവസായത്തിന്റെ പോഷണത്തിനായി എന്തെല്ലാം ഇതര പദ്ധതികളാണ് നിലവിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് അറിയിയ്ക്കാമോ ? | (സി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**പരമ്പരാഗത ഖാദി വ്യവസായത്തിന്റെ പോഷണത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന പദ്ധതികൾ താഴെക്കൊടുക്കുന്നു.**

1. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റും ഇതിന് പുറമെ ഉൽസവകാലങ്ങളിൽ 10 % അധിക റിബേറ്റും നൽകുന്നുണ്ട്. ആഴ്ചയിൽ ഒരു ദിവസം സ്കൂൾ യൂണിഫോം ഖാദി/കൈത്തറി ആക്കണമെന്നും, സർക്കാർ ജീവനക്കാർ ഖാദി/കൈത്തറി ധരിക്കണമെന്നും നിർദ്ദേശിച്ചു. അതുവഴി വിൽപ്പനയിൽ 20% വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

2. ഖാദി തൊഴിലാളികൾക്ക് നൂൽപ്പിന് കഴിയൊന്നിന് 30 പൈസയും നെയ്ത്തിന് അവരുപയോഗിക്കുന്ന ഓരോ കഴി നൂലിനും 90 പൈസയും ഉൽപാദന ഇൻസെന്റീവ് ആയി നൽകിവരുന്നുണ്ട്. മുടക്കം കൂടാതെ ഖാദി തൊഴിലാളികൾക്ക് പഞ്ഞിയും നൂലും യഥാസമയം ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചു. കാലപ്പഴക്കം ചെന്ന ചർക്കകളും തറികളും മാറ്റി നൽകുന്നതിനും റിപ്പയർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചു.

3. ഖാദിസഹകരണ സംഘങ്ങളേയും മറ്റു ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിയ്ക്കുന്നതിന് സർക്കാർ ബജറ്റിൽ തുക വകയിരുത്തിവരുന്നു. ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന ഖാദിസഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന് ഗ്രാന്റായി 2010-11 വർഷം 25 ലക്ഷം രൂപയും 2011-12 വർഷം ഇതിലേയ്ക്കായി 25 ലക്ഷം രൂപയും 2012-13 വർഷം 6 ലക്ഷം രൂപയും 2013-14 വർഷം 16 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മറ്റുസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 2010-11 വർഷം 25 ലക്ഷം രൂപയും 2011-12 വർഷം ഇതിലേയ്ക്കായി 25 ലക്ഷം രൂപയും 2012-13 വർഷം 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

4. ഗ്രാമ വ്യവസായത്തിൽപ്പെടുന്ന കമ്മായം, കളിമൺ പാത്രം, കരിപ്പെട്ടി, പനം കൽക്കണ്ടം, സോപ്പ് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്ക് പുനരുജ്ജീവന പരിപാടികൾ (ആകെ പ്രോജക്ട് ചെലവിന്റെ 75%) ആവിഷ്കരിക്കുന്നതിന് ഗ്രാമ വ്യവസായ സഹകരണ സംഘങ്ങൾക്ക്/സ്ഥാപനങ്ങൾക്ക് ധനസഹായം എന്ന ശീർഷകത്തിൻ കീഴിൽ 2013-14 വർഷം 25 ലക്ഷം രൂപ ലഭിച്ചിരുന്നു. 2014-15 വർഷം 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. പരമ്പരാഗത വ്യവസായങ്ങളെ കൂടുതൽ ഉല്പാദനപരവും മൽസരാധിഷ്ഠിതവുമാക്കുന്നതിന് പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾക്കായി 2012-13 ൽ ഒരു ഖാദി ക്ലസ്റ്ററും 2013-14 വർഷത്തേക്ക് എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകൾക്കായി ഒരു ഖാദി ക്ലസ്റ്ററും സ്ഥാപിച്ചിട്ടുണ്ട്.

6. ഖാദി വിൽപ്പനകേന്ദ്രങ്ങളും ഗോഡൌണുകളും കംപ്യൂട്ടർവത്ക്കരിക്കുവാൻ കഴിഞ്ഞു

7. പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി പുതിയവ സ്ഥാപിക്കുക, പുതിയ വർക്ക് ഷെഡുകൾ നിർമ്മിക്കുക, തൊഴിൽ സൌകര്യങ്ങൾ മെച്ചപ്പെടുത്തുക,നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ് " നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക തുടങ്ങിയവ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

8. ഏറ്റുക്കുടുക്ക സ്ലൈവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി. മുടക്കം കൂടാതെയും സാമ്പത്തികമായി ലാഭകരമായും തൊഴിലാളികൾക്ക് സ്ലൈവർ ലഭ്യമാക്കുന്നതിനുവേണ്ടി ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി വിളവെടുപ്പു സമയത്ത് തന്നെ മൊത്തമായി ടെണ്ടർ നടപടികളിലൂടെ വാങ്ങുവാൻ

തീരുമാനിച്ചിട്ടുണ്ട്.

9. നിലത്തിരുന്ന് ചർക്ക പ്രവർത്തിപ്പിക്കുന്ന സ്ഥാനത്ത് തൊഴിലാളികൾക്ക് മേശയും സ്റ്റൂളും ഏർപ്പെടുത്തി തൊഴിൽ സൌകര്യങ്ങൾ മെച്ചപ്പെടുത്തി. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ് " നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ല തരം Rovings/sliver വിതരണം ചെയ്യുന്നുണ്ട്. പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു.

10. ഖാദി മേഖലയുടെ വൈവിധ്യവൽക്കരണത്തിനായി ഖാദി ഗ്രാമ വ്യവസായ കമ്മിഷന്റെ സഹായത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പുതിയ ഖാദി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. നിലവിലുള്ളതിന്റെ പ്രവർത്തനം വിപുലമാക്കി. ഖാദി ഷർട്ടിംഗ് തുണികൾ നെയ്യുന്നതിന് പുതിയ ഡിസൈനിലുള്ള പാറ്റേണുകൾ ഉപയോഗിക്കുന്നു. ഖാദി സിൽക്ക് സാരികൾ പ്രിന്റ് ചെയ്യുന്നതിന് ആധുനിക ഫാഷൻ ഡിസൈനുകൾ തെരഞ്ഞെടുത്ത് ഉപയോഗിക്കുന്നു. ഖാദി റെഡിമെയ്ഡ് യൂണിറ്റിലെ തൊഴിലാളികൾക്ക് ഫാഷൻ ഡിസൈനിംഗിൽ പ്രത്യേക പരിശീലനം നൽകി ആകർഷകമായ ബെഡ് ഷീറ്റുക ൾ തുണിത്തരങ്ങൾ എന്നിവ നിർമ്മിക്കത്തക്കവിധത്തിൽ തറികളിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നുണ്ട്. ഖാദി മേഖലയിൽ നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Rovings/sliver വിതരണം ചെയ്യുന്നുണ്ട്.

11. സിൽക്ക് തുണി നെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു. റെഡിമെയ്ഡ് വാർപ്പിംഗ് യൂണിറ്റുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. നിലവിലുള്ളതിന്റെ പ്രവർത്തനം വിപുലമാക്കി.

12. ഖാദി തൊഴിലാളികളുടെ മിനിമം കൂലി സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ഒരു സമിതിയെ ചുമതലപ്പെടുത്തി. സമിതി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് മിനിമം കൂലി നിശ്ചയിച്ച് 08-01-2010 ൽ സ.ഉ. (കെ) നമ്പർ 5/2010/ തൊഴിൽ എന്ന നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു.

13. 2010-11 വർഷം ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം സർക്കാർ 10 കോടി രൂപയും 2011-12 വർഷം 14.68 കോടി രൂപയും 2012-13 വർഷം ഇതിനുവേണ്ടി 20 കോടി രൂപയും 2013-14 വർഷത്തേയ്ക്ക് 18 കോടി രൂപയും അനുവദിച്ചിരുന്നു. ഈ തുകകൾ ഖാദി തൊഴിലാളികൾക്ക് വിതരണം ചെയ്തു. 2014-15 വർഷത്തിൽ 22 കോടി രൂപ അനുവദി ച്ചിട്ടുണ്ട്

14. പരമ്പരാഗത തേനീച്ച കർഷകർക്ക് ധനസഹായം നൽകുന്നതിന് വേണ്ടി തേൻ കലവറ എന്ന പദ്ധതി നടപ്പാക്കി. തേനീച്ച വളർത്തൽ വ്യവസായം വികസിപ്പിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. ഈ പദ്ധതിയിൻ കീഴിൽ തേനീച്ച കർഷകർക്ക് തേനീച്ച വളർത്തലിൽ പരിശീലന പരിപാടി നടപ്പാക്കി വരുന്നുണ്ട്. തേനീച്ച കൂട് ഒന്നിന് 50% സബ്സിഡി (പരമാവധി 600 രൂപ) നൽകുന്നുണ്ട്. ഈ മേഖലയിൽ ആവശ്യമായ മറ്റ് തുടർ സഹായങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്.

Anadan
സെക്ഷൻ ഓഫീസർ